"ഭരണഭാഷ മാതൃഭാഷ"

നം.എച്ച്(2)/44444/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 14..07..2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2017-18 - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം - ജീവനക്കാരുടെ വിവരങ്ങൾ എന്റർചെയ്യാത്തതു സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നുള്ള 01-07-2017, 03-07-2017, 06-07-2017, 10-07-17 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

*****

അധ്യാപക ബാങ്ക് 2017-18 നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഐ.റ്റി. @ സ്കൂളിന്റെ വെബ്സൈറ്റ് 12-07-2017 വൈകീട്ട് 3 മണി വരെ ലഭ്യമാക്കിയിരുന്നു. ജൂലൈ ഒൻപതോടെ ഇതവസാനിപ്പിക്കണമെന്നായിരുന്നു ആദ്യം നിർദേശിച്ചിരുന്നത്. സമയപരിധി മൂന്നുദിവസം നീട്ടി നൽകിയിട്ടും ഏതാനും പേരുകൾ വിട്ടുപോയതായി പരാതികൾ ലഭിക്കുന്നുണ്ട്. സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഈ ജോലി വളരെ ലാഘവത്തോടെയാണ് ഏതാനും എ.ഇ.ഒ./ഡി.ഇ.ഒ. മാർ കണ്ടതെന്ന് ഈ ഓഫീസിൽ ഇപ്പോൾ ലഭിക്കുന്ന പരാതികളിൽ നിന്നും മനസ്സിലാക്കുന്നു. ഇതു വളരെ ഖേദകരവും അച്ചടക്കനടപടി ക്ഷണിച്ചുവരുത്തുന്നതുമാണ്. ന്യൂനതകൾ ഇല്ലാത്ത അധ്യാപക ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനും പുനർവിന്യാസത്തിനുമായി ഇത്തവണ കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചിരുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കുക.

(...2...)

എ.ഇ.ഒ./ഡി.ഇ.ഒ. മാർ മുഖാന്തരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിക്കുന്ന ഇത്തരം പരാതികൾ പരിശോധിച്ച് അർഹരായവരെ പുനർവിന്യസിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ തന്നെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവരുടെ പേരുവിവരങ്ങൾ അധ്യാപകബാങ്കിൽ കൂട്ടിച്ചേർക്കാൻ പിന്നീട് അവസരം നൽകുന്നതാണ്. സൈറ്റിൽ എന്റർ ചെയ്യേണ്ട വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ശേഖരിച്ച് സൂക്ഷിക്കുക.

വിശ്വസ്തതയോടെ,

**കെ.വി.മോഹൻകുമാർ.ഐ.എ.എസ്.,**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

എ.റ്റി.14/7